# മാതൃഭൂമി

WD

2017 മേയ് 3 ബുധനാഴ്ച · 1192 മേടം 20

www.mathrubhumi.com

**Mathrubhumi, The National Daily in Malayalam**

വില: ₹ 6.50

Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi ◆ Dubai ◆ Qatar

കോഴിക്കോട് ◆ പേജ് 20


[redacted]



[redacted]

## ഇവിടെ പത്രക്കാർ ചാരന്മാർ

യു.കെ.യിലെ മാധ്യമപ്രവർത്തകരേക്കാൾ പ്രവർത്തനസ്വാതന്ത്ര്യം ദക്ഷിണാഫ്രിക്ക, ചിലി, ലിത്വാനിയ തുടങ്ങിയ രാജ്യങ്ങളിലെ പത്രപ്രവർത്തകർക്കുണ്ടെന്ന് ലോക മാധ്യമസ്വാതന്ത്ര്യസൂചിക പറയുന്നു. മാധ്യമപ്രവർത്തകരെ കുറ്റക്കാരായും വിസിൽ ബ്ലോവേഴ്സിനെ ചാരന്മാരുമായും മുദ്രകുത്തുന്ന പുതിയനിയമം ഇവിടെ പരിഗണനയിലാണ്. ഈ കാരണങ്ങളാലാണ് മുൻവർഷത്തിൽനിന്ന് രണ്ടുസ്ഥാനം താഴേക്കായി 180 രാജ്യങ്ങളുള്ള ലോക മാധ്യമസ്വാതന്ത്ര്യസൂചികയിൽ യു.കെ. 40-ാം സ്ഥാനത്തെത്തിയത്.

## രാഷ്ട്രീയക്കാരെ തൊട്ടാൽ തലകാണില്ല

അപ്രിയസത്യങ്ങൾ വിളിച്ചു പറയുന്നത് തടയാൻ മാധ്യമപ്രവർത്തകരെ ആക്രമിക്കുന്നത് ആഫ്രിക്കയിൽ ഇന്നൊരു സാധാരണസംഭവം മാത്രമായിരിക്കുന്നുവെന്നാണ് ഗ്ലോബൽ സിവിൽ സൊസൈറ്റി സംരംഭമായ സിവികസ് നടത്തിയ പഠനത്തിൽ പറയുന്നത്.

മാധ്യമപ്രവർത്തകർക്കെതിരായ ആക്രമണങ്ങളിൽ 23 ശതമാനവും രാഷ്ട്രീയവിഷയങ്ങൾ റിപ്പോർട്ടുചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്.

പ്രക്ഷോഭവാർത്തകൾ (18%), അഴിമതി പുറത്തുകൊണ്ടുവരുന്ന വാർത്തകൾ(15%), സംഘർഷങ്ങൾ (15%) എന്നീ വിഷയങ്ങൾ കൈകാര്യംചെയ്യുന്ന മാധ്യമപ്രവർത്തകരാണ് ആക്രമണഭീഷണി നേരിടുന്നതിൽ മുന്നിൽ.

# ഇന്ന് ലോക മാധ്യമസ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യത്തിൻെറ മറ്റൊരു പേരായി ഒമ്പതു പതിറ്റാണ്ടുമുൻപ് ആവിർഭവിച്ച 'മാതൃഭൂമി' അന്നുമിന്നും പൊരുതുന്നതും സ്വാതന്ത്ര്യത്തിനുവേണ്ടിത്തന്നെ. ബ്രിട്ടീഷ് അധിനിവേശത്തിൽനിന്നു രാജ്യത്തെ മോചിപ്പിക്കാനുള്ള ദേശീയസ്വാതന്ത്ര്യസമരത്തിൻെറ പൊരുതുന്ന നാവായി പിറന്നുവീണ 'മാതൃഭൂമി' ഒന്നാം ലക്കത്തിലെ 'പാവനമായ പ്രതിജ്ഞ' ഇങ്ങനെയാണ് തുടങ്ങിയത്:

''ഒരു മനുഷ്യനു തൻെറ ബാധ്യത നിറവേറ്റുന്നതിന് എപ്രകാരം സ്വാതന്ത്ര്യം ആവശ്യമാണോ അപ്രകാരം തന്നെ ഓരോ രാജ്യക്കാർക്കും തങ്ങളുടെ പ്രത്യേക പരിഷ്കാരത്തെ വളർത്തുന്നതിനും ലോകത്തിൻെറ പൊതുഗുണത്തിനു സഹായിക്കുന്നതിനും സ്വാതന്ത്ര്യമില്ലാതെ സാധിക്കുന്നതല്ല. അതുകൊണ്ട് അന്യാധീനത്തിൽപ്പെട്ട രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊതുവായും നമ്മുടെ രാജ്യത്തിൻെറ സ്വാതന്ത്ര്യ സിദ്ധിക്കായി പ്രത്യേകിച്ചും ഞങ്ങൾ നിരന്തരം പരിശ്രമിക്കുന്നതാണ്.''

ആ പരിശ്രമത്തിനുവേണ്ടിയുള്ള മാധ്യമപ്രവർത്തനത്തിന് മാതൃഭൂമിക്ക് എത്രയോ തവണ കനത്ത വിലകൊടുക്കേണ്ടിവന്നിട്ടുണ്ട്.

മഹാത്മാഗാന്ധിയുടെ പവിത്രമാർഗം പിന്തുടർന്നു ദേശീയസ്വാതന്ത്ര്യസമരത്തിനിറങ്ങിത്തിരിച്ചവരായിരുന്നു മാതൃഭൂമിയുടെ സ്ഥാപകരും ആദ്യകാലപത്രാധിപന്മാരുമെല്ലാം. അവരിൽ പലരും സമരത്തിൻെറ ഭാഗമായി പലതവണ ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. 1942 ഓഗസ്റ്റ് ഒമ്പതിന് കോഴിക്കോട്ടെ മാതൃഭൂമി ഓഫീസിൽ പത്രാധിപക്കസേരയിൽ നിന്ന് സ്വാതന്ത്ര്യസമരം നടത്തിയതിന് അറസ്റ്റിലായ പത്രാധിപരാണ് കെ.എ.ദാമോദരമേനോൻ. ക്വിറ്റിന്ത്യാസമരമായിരുന്നു കാരണം. മാതൃഭൂമി ഡയറക്ടറും കോഴിക്കോട് മുനിസിപ്പൽ ചെയർമാനുമായിരുന്ന കോഴിപ്പുറത്തു മാധവമേനോനും ഒപ്പം അറസ്റ്റുചെയ്യപ്പെട്ടു; മുൻ പത്രാധിപരായ 'കേരളഗാന്ധി' കെ.കേളപ്പൻ ആ ദിവസം തലശ്ശേരിയിലും അറസ്റ്റിലായി. രാജ്യസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും രണ്ടല്ലാതിരുന്ന കാലത്തിൻെറ പ്രതീകങ്ങളായിരുന്നു മാതൃഭൂമി പ്രവർത്തകർ നേരിട്ട ആ ബന്ധനങ്ങൾ.

ഒമ്പത് പതിറ്റാണ്ടുകൾക്കിപ്പുറം ആദ്യലക്കത്തിലെ ആ പ്രതിജ്ഞ മാതൃഭൂമി ഇന്ന് വീണ്ടും പുതുക്കുകയാണ്.



## മെക്സിക്കോ, പത്രക്കാരെ കൊല്ലും നാട്

ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ മാധ്യമപ്രവർത്തകർക്ക് ഏറ്റവും ജീവനുഭീഷണിയുള്ള രാജ്യം മെക്സിക്കോയാണ്. രാഷ്ട്രീയക്കാരിൽനിന്നും മയക്കുമരുന്ന് കൊള്ളസംഘങ്ങളിൽ നിന്നും രക്ഷപ്പെടാൻ ഒന്നുകിൽ സ്വയം നിയന്ത്രിക്കണം (സെൽഫ് സെൻസറിങ്) അല്ലെങ്കിൽ രാജ്യം വിടണം.

## ട്രംപിൻെറ അമേരിക്കയും മോശമല്ല

അമേരിക്കയിൽ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിൻെറ സ്ഥാനാരോഹണച്ചടങ്ങിനിടെ നടന്ന പ്രതിഷേധം റിപ്പോർട്ടുചെയ്തതിന് ഒട്ടേറെ മാധ്യമപ്രവർത്തകരുടെ പേരിൽ കേസെടുത്തു. പത്തുവർഷം വരെ തടവും 2,50,000 ഡോളർ വരെ പിഴയും ലഭിക്കാവുന്ന, കലാപത്തിൽ പങ്കെടുത്തുവെന്ന വകുപ്പാണ് ഇവർക്കെതിരേ ചുമത്തിയത്.

## റഷ്യയിലും രക്ഷയില്ല

അജ്ഞാതർ ആക്രമിച്ചതിനെത്തുടർന്ന് അബോധാവസ്ഥയിലായ നോവി പീറ്റേഴ്സ്ബർഗിൻെറ സഹസ്ഥാപകൻ നിക്കോളായ് ആൻഡ്രൂഷ്ചെങ്കോ ഏപ്രിൽ 17-ന് അന്തരിച്ചു. മാധ്യമസ്വാതന്ത്ര്യം ഇവിടെ സ്വപ്നത്തിൽ മാത്രം

#PressFreedom